മലയാള മനോരമ
ESTABLISHED 1888
05 November 2019

# ഐസിഎആർ ദക്ഷിണ മേഖല കായിക മേളയ്ക്കു തുടക്കം

കൊച്ചി • ഇന്ത്യൻ കൗൺസിൽ ഓഫ് അഗ്രികൾചറൽ റിസർച് (ഐസിഎആർ) സ്ഥാപനങ്ങളുടെ ദക്ഷിണ മേഖല കായിക മേള കൊച്ചിയിൽ ആരംഭിച്ചു. കേരളം, കർണാടക, തമിഴ്നാട്, തെലങ്കാന, ആന്ധ്രപ്രദേശ് എന്നീ സംസ്ഥാനങ്ങളിലെ 23 സ്ഥാപനങ്ങളിൽ നിന്നായി 700 കായിക താരങ്ങൾ പങ്കെടുക്കുന്നുണ്ട്. 8നു സമാപിക്കും.

കായികമേളയുടെ ഉദ്ഘാടനം കലക്ടർ എസ്. സുഹാസ് നിർവഹിച്ചു. ഐസിഎആർ- സിഫ്റ്റ് ഡയറക്ടർ ഡോ. സി.എൻ. രവിശങ്കർ, ഐസിഎആർ- സിഎംഎഫ്ആർഐ ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ, സംഘാടക സമിതി സെക്രട്ടറി ഡോ. ജെ. ബിന്ദു തുടങ്ങിയവർ പ്രസംഗിച്ചു.



ഐസിഎആർ ദക്ഷിണമേഖല സ്പോർട്സ് മീറ്റ് കൊച്ചിയിൽ കലക്ടർ എസ്.സുഹാസ് ഉദ്ഘാടനം ചെയ്യുന്നു. സിഫ്റ്റ് ഡയറക്ടർ സി. എൻ രവിശങ്കർ, സി എം എഫ് ആർഐ ഡയറക്ടർ എ.ഗോപാലകൃഷ്ണൻ,സിഫ്റ്റ് പ്രിൻസിപ്പൽ സയന്റിസ്റ്റ് ജെ.ബിന്ദു എന്നിവർ സമീപം.

കൊച്ചിയിലെ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജിയാണ് (സിഫ്റ്റ്) മേളയ്ക്ക് ആതിഥ്യം വഹിക്കുന്നത്. 100 മീറ്റർ ഓട്ടത്തിൽ പുരുഷ വിഭാഗത്തിൽ ഡോ. പി. രാജേന്ദ്രനും (കൊച്ചി സിഎംഎഫ്ആർഐ), വനിത വിഭാഗത്തിൽ ആർ. മീനാക്ഷി (ബെംഗളൂരു ഐഐഎച്ച്ആർആർ) ജേതാക്കളായി.